പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1769 06.03.2017-ലെ മറുപടിക്ക്

## കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ. ഐ.ബി. സതീഷ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകളുടെ എണ്ണവും ബസ്സുകളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ബസുകൾ ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ കാട്ടാക്കട ഡിപ്പോയിൽ 79 ഷെഡ്യൂളുകളും, 82 ബസുകളുമാണ് നിലവിലുള്ളത്. ശരാശരി 74 ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ ബസുകളുണ്ടെങ്കിലും അഡീഷണൽ ആയി ആവശ്യമുള്ള 8 ബസുകൾ കൂടി ബസിന്റെ ലഭ്യതക്കനുസൃതമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇക്കഴിഞ്ഞ ഡിസംബർ ഒന്നാം തീയതി മുതൽ നിറുത്തലാക്കിയതും പരിഷ്കരിച്ചതുമായ ഷെഡ്യൂളുകൾ ജനങ്ങളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് മലയോര പ്രദേശമെന്ന പരിഗണന നൽകി പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുന:ക്രമീകരണം നടത്തിയിട്ടുള്ള ഷെഡ്യൂളുകൾ ഒഴികെ മലയോര പ്രദേശമെന്ന പരിഗണന നൽകി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ സർവ്വീസുകൾ നടത്തി വരുന്നു. കൂടുതൽ ബസുകൾ ലഭ്യമാകുന്ന മുറക്ക് മുൻ സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**